


**എൻഎസ്എസ് എച്ച്എസ്എസ് ചൂരക്കോട്**

# ആമുഖം

എൻ.എസ്.എസ് എച്ച്.എസ്.എസ് ചൂരക്കോട് സ്ക്കുളിലെ 2022- 24 ലിറ്റിൽ കൈറ്റ്സ് ബാച്ചിലെ കുട്ടികളുടെ "കയ്യൊപ്പ്' " നിങ്ങൾക്കായി സമർപ്പിക്കുകയാണ്. ഞങ്ങളുടെ സൃഷ്ടികൾ കോർത്തിണക്കിയ ഒരു ഡിജിറ്റൽ മാഗസിനാണിത്. മലയാളം കമ്പ്യൂട്ടിങ്ങിന്റെ ഭാഗമായി നിർമ്മിച്ച ഈ മാഗസിനിൽ ഏതാണ്ട് പതിനഞ്ചോളം രചനകളും ആൽബങ്ങളുമുണ്ട്. മലയാളം കീബോർഡ് കൂടുതലായി മനസ്സിലാക്കാൻ സാധിച്ചു.
ഈ മാഗസിൻ പൂർത്തിയാക്കാൻ ഞങ്ങളെ സഹായിച്ച കൈറ്റ് മിസ്ട്രെസ്സ്മാരായ സ്മിത ടീച്ചറിനും മാലിനി ടീച്ചറിനും മറ്റ് ലിറ്റൽ കൈറ്റ് അംഗങ്ങൾക്കും നന്ദി അറിയിക്കുന്നു.
ഞങ്ങളുടെ ഈ ചെറിയ ഉദ്യമം നിങ്ങൾ ഇരു കൈകളും നീട്ടി സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## താളുകളിലൂടെ.....

എന്റെ പനിനീർ പുഷ്പമേ..........................4
കാർമുകിൽ വർണ്ണൻ ...............................5
കയറിൽ കെട്ടിയ ആന...........................6
കടംകഥകൾ ...................................7
നന്മയും തിന്മയും ...............................8
അരുണപുഷ്പം.......... ..............................9
പഴംചൊല്ലുകൾ.............................. 10
പ്രത്യാശ ....................................11
മഴവിൽ ജീവിതം ..............................12
രണ്ടു സുഹൃത്തുക്കൾ ..........................13
മഴ.........................................14
കുടുക്ക .....................................15
കാട്ടുപൂവ്................................ 16
ഗുരു മാറ്റിയ കഷ്ടകാലം ..........................17
എന്റെ പത്തനംതിട്ട........... ..................18
അമ്മ .......................................19

# എന്റെ പനിനീർ പുഷ്പമേ.....

~ റോസ് മറിയം ജിജു

എന്റെ പനിനീർ പുഷ്പമേ.....

നീയാണ്എന്റെക്രൂട്ടുകാരി



എൻ മനം നീ അറിഞ്ഞില്ലയോ
എൻ മനം നിറയെ നീ അല്ലയോ

എന്റെ വീട്ടുമുറ്റത്ത് പുഞ്ചിരിച്ച്
നിൽക്കുന്ന പനിനീർ പുഷ്പമേ.....

വാടാതെ നീ എൻ മനസ്സിൽ
എന്നും മായാതെ നീയെൻ മനസ്സിൽ

കാണുന്ന കണ്ണുകൾക്ക് കുളിർമയേകി നീ
പുഷ്പത്തിൻ റാണിയായി എൻ പൂന്തോട്ടത്തിൽ....

# കാർമുകിൽ വർണ്ണൻ

~ആവണി ജയപ്രകാശ്

ശ്യാമവർണ്ണാ .....കൃഷ്ണാ......




നിൻ താമരത്താരിതൾ
മിഴികൾ കൊണ്ടെൻ
പൂവിൽ നിന്നും
മധുനുകരൂ.......
നിൻ ഓടക്കുഴലിൻ
മണിനാദം കൊണ്ടെൻ
കാതുകളെ തൊട്ടുണർത്തൂ
കാർവർണ്ണാ.........
വൃന്ദാവനംതന്നിലുള്ളോർ
ക്കെന്നും രക്ഷകനല്ലേ നീ
കാർവർണ്ണാ......
ഗോപബാലൻമാരൊത്ത്
കുസൃതികൾ കാട്ടും
ഉണ്ണിക്കണ്ണനല്ലേ നീ
ശ്യാമവർണ്ണാ...... ശ്യാമവർണ്ണാ......

# കയറിൽ കെട്ടിയ ആന

~കാർത്തിക് പി

ഉണ്ണിക്കുട്ടൻ സ്ക്രൂൾ വിട്ടു വീട്ടിലേക്കു വരുമ്പോൾ വഴിയരികിൽ ഒരു ആന നിൽക്കുന്നത് കണ്ടു . അവൻ ആനയെ കുറച്ചു നേരം നോക്കിനിന്നു . അപ്പോഴാണ് അവൻ അത് ശ്രദ്ധിച്ചത് . സാധാരണ ആനകളുടെ കാലുകളിൽ ഒള്ളത് പോലെ ഇതിന്റെ കാലിൽ
ചങ്ങലയോ വാടമൊയില്ല. പിന്നെ ഒരു ചെറിയ കയർ മാത്രം കെട്ടിയിട്ടുണ്ട് . ഉണ്ണിക്കുട്ടൻ ഉടനെ ആനപാപ്പാനോട് ചെന്ന് ചോദിച്ചു
"പാപ്പാനെ ഈ ആനയുടെ കല്ലിൽ എന്താ ഈ ചെറിയ കയർ കെട്ടിയിരിക്കുന്നത് , ഈ ആന കയറും പൊട്ടിച്ചുകൊണ്ടു ഓടില്ലേ "
ഇത് കേട്ട് പാപ്പാൻ പറഞ്ഞു "ഇല്ല അവൻ ഓടില്ല , കാരണം അവൻ ചെറുതായിരുന്നപ്പോൾ തൊട്ടേ അവനെ ഇതേവലുപ്പത്തിലുള്ള
കയർ കൊണ്ടാണ് കെട്ടിയിരുന്നത് അപ്പോൾ അവൻ ഈ കയർ പൊട്ടിക്കാൻ ശ്രമിച്ചിരുന്നു അപ്പോൾ അവനെ കൊണ്ട്
അത് പൊട്ടിക്കാൻ സാധിച്ചില്ല പിന്നീട് അവൻ ആ ശ്രമം അവൻ ഉപേഷിക്കച്ചു.
"ഒരിക്കൽ പരാജയപ്പെട്ടാൽ പിന്നീട് അതിനു ശ്രമിക്കാതിരകുന്നതാണ് ഏറ്റവും വലിയ മണ്ടത്തരം എന്ന് ആനയുടെ കഥ
നമ്മളെ ഓർമിപ്പിക്കുന്നു ".



# കടംകഥകൾ

~ അമയ അനിൽ

- എല്ലാം തിന്നും എല്ലാം ദഹിക്കും വെള്ളം കുടിച്ചാൽ ചത്തുപോകും

  തീ

- ഇവിടെ ഞെക്കിയാൽ അവിടെ കത്തും

  റിമോട്ട്

- ഉപയോഗിക്കുന്നതിനു മുൻപേ പൊട്ടിക്കും

  മുട്ട

- അങ്ങോട്ടുപോകുമ്പോൾ ഇംഗ്ലീഷ് ഇങ്ങോട്ടു വരുമ്പോൾ മലയാളം

  ഗോവ

- എന്നെ തൊട്ടുകൂടാമ പക്ഷെ സദ്യക്കെടുക്കില്ലാ

  കാൽക്കുലേറ്റർ

# നന്മയും തിന്മയും

~ആൽഫി മരിയ

ഒരിടത് നന്മയും , തിന്മയും ഉണ്ടായിരുന്നു . അങ്ങനെ ഒരു ദിവസം തിന്മയുടെ ശരീരത്തിൽ വെളുത്ത ചിറകുകൾ

കണ്ടു അപ്പോൾ നന്മ ആശ്ചര്യത്തോട് തിന്മയോടു ചോദിച്ചു "ഈ രണ്ടു വെളുത്ത ചിറകുകൾ എന്തിനാണ് ?"

തിന്മ അപ്പോൾ പറഞ്ഞു "ഈ ചിറകുകൾ വേഗത്തിൽ വീശി പറക്കുമ്പോൾ ഞാൻ നന്മ ആണെന്ന് കരുതി എന്റെ

പക്ഷത്തു വരും "

ഇതിൽ നിന്ന് മനസിലാക്കേണ്ടത്തു സമ്പത്തിനും ഉയർച്ചക്കും വേണ്ടി നമ്മൾ പലപ്പോഴും തിന്മയെ നന്മയായി

കഴുത്തറുണ്ട്



# അരുണപുഷ്പം

~ സാന്ദ്ര എസ്

പച്ചിലക്കാടിൻ നടുക്കതായി
വ്യത്യസ്തനായി നീ നിന്നിരുന്നു
ഇതളുകളിലെ ജലകണങ്ങൾ
നിന്നിൽ തിളക്കങ്ങൾ ഉണ്ടാക്കി
മധ്യത്തിലെ മഞ്ഞനിറപ്പൊട്ടുകൾ
മാടിവിളിപ്പതാ വണ്ടുകളെ
ഇളം കാറ്റിൽ നീയാടി ആടി
പച്ചില തൊട്ടു തലോടി നിന്നു
രാവിലെ മാനത്തുദിച്ച സൂര്യൻ
അസൂയയോടെ നിന്നെ നോക്കി
രാത്രിയിൽ നിന്നെ കാണാൻ
ചന്ദ്രൻ നിറയെ പ്രഭ ചൊരിഞ്ഞു.



# പഴംചൊല്ലുകൾ

~ ഇവാ മേരി കോശി

- ഉപ്പുതിന്നവൻ വെള്ളം കുടിക്കും
- മടിയൻ മല ചുമക്കും
- ഒത്തുപിടിച്ചാൽ മലയും പോരും
- പയ്യെത്തിന്നാൽ പനയും തിന്നാം
- വടി കൊടുത്തു അടി വാങ്ങിച്ചു
- ചത്താലും ചമഞ്ഞുകിടക്കുന്നു



# പ്രത്യാശ

~സൂരജ് കൃഷ്ണ എസ്

ഒരു അധ്യായന വർഷം
വിടചൊല്ലും നേരം
മനസ്സിൽ നിറഞ്ഞ കാലം
ഒരുപാട് യാതനകൾ
സഹിച്ച നാളുകൾ
ഒരുപാട് ജീവനുകൾ
പൊലിഞ്ഞ കാലം



കേവലമൊരണു വന്ന്
നാശം വിതച്ച കാലം
മറക്കുമോ മാനുഷനീ
നഷ്ടകാലം..........
ഒരുമിച്ച് പൊരുതാം
നമുക്കൊറ്റക്കെട്ടായി
ഒറ്റ മനസ്സോടെ
ഒരുമയോടെ..........
ഈ ദുഷിച്ച കാലം
ചരിത്രമായി മാറും നാളെ
അതിനായി പ്രത്യാശയോടെ
നാം കാത്തിരിപ്പൂ.........

# മഴവിൽ ജീവിതം

~ അഞ്ജന എസ് നായർ

മഴവില്ലുപോലെ

മനുഷ്യന്റെ ജീവിതം.

പലനിറങ്ങളിൽ,

പലഭാവങ്ങളിൽ

പച്ചയിൽ , മഞ്ഞയിൽ



തുടങ്ങുന്നു ജീവിതം

കോപത്തിൽ

താപത്തിൽ,ചുവക്കുന്നു.

പേടിയാൽ വിറക്കുന്നു.

മരണമടുക്കുന്നു!!!!!

നീലയിൽ,

ഇരുളിൽ

മരണം,

മഴവിൽജീവിതം!!!!!!!.

കയ്യൊപ്പ്

# രണ്ട് സുഹൃത്തുക്കൾ

~ അനത് മരിയ



ഒരിക്കൽ
രണ്ടു കൂട്ടുകാർ മരുഭൂമിയിൽ കൂടി
സഞ്ചരിച്ചുകൊണ്ടിരിക്കുകയായിരുന്നു . അങ്ങനെ
അവർക്കിടയിൽ ഉണ്ടായ ഒരു തർക്കത്തിൽ ഒരു കൂട്ടുകാരൻ
മറ്റേ കൂട്ടുകാരനെ തല്ലി . തല്ലുകൊണ്ട ആ കൂട്ടുകാരൻ മണലിൽ
എഴുതി "ഇന്ന് എന്ത് പ്രിയ കൂട്ടുകാരൻ എന്നെ തല്ലി ".
കുറച്ചു ദൂരം കഴിഞ്ഞപ്പോൾ അവർ ഒരു പച്ചപ്പ് കണ്ടു അപ്പോൾ
ആ തല്ല് കൊണ്ട കൂട്ടുകാരൻ വെള്ളം കുടിക്കാനായി
അവിടേക്കു പോയി
അപ്പോൾ അവൻ ഒരു ചെളികുഴിയിൽ വീണു താഴ്ന്നു
പോകാൻ തുടങ്ങി അപ്പോൾ മറ്റേ കൂട്ടുകാരൻ അവനെ
രക്ഷിച്ചു . രക്ഷപെട്ട കൂട്ടുകാരൻ അവിടെ കിടന്ന ഒരു കല്ലിൽ
കൊത്തിവെച്ചു " ഇന്ന് എന്റെ പ്രിയ കൂട്ടുകാരൻ എന്റെ
ജീവൻ രക്ഷിച്ചു " അതുകണ്ട
മറ്റേ കൂട്ടുകാരൻ ചോദിച്ചു അന്ന് ഞാൻ നിന്നെ
തല്ലിയപ്പോൾ നിയത് മണ്ണിൽ എഴുതി ഇപ്പോൾ ഞാൻ
നിന്നെ രക്ഷിച്ചപ്പോൾ നിന്നെ അത് കല്ലിൽ കൊത്തുവെച്ചു
അതെന്തിനാണ് ?. അപ്പോൾ അടി കൊണ്ട ആ ക്ക്
കൂട്ടുകാരൻ പറഞ്ഞു " നമ്മളെ ആരെങ്കിലും ഓപറേവിച്ചാൽ
നാം അത് മണലിൽ എഴുതണം അപ്പോൾ കാറ്റത്തിനെ
മായ്ച്ചുകളയും പക്ഷെ നമ്മളെ ആരെങ്കിലും സഹായിച്ചാൽ
അത് നമ്മൾ കല്ലിൽ കൊത്തിവെക്കണം കാരണം അത്
ഒരിക്കലും മാഞ്ഞുപോകാൻ പാടില്ല "

# മഴ

~ വിവേക് വി

മഴ.....മഴ.....മഴ.....

മണ്ണിന്റെ മണം എങ്ങും പരന്നു.

പുഴകൾ തുള്ളി തുളുമ്പുന്നു

കുടയും ചൂടി ഞാനും

മയിലുകൾ നൃത്തം ചെയ്യുന്നു

കുയിലുകൾ പാടുന്നു

ഏഴു നിറവുമായി മഴവില്ല് വിരിയുന്നു

കാറ്റിൽ മരങ്ങൾ ആടിയുലയുന്നു

മഴത്തുള്ളിയാൽ പൂക്കൾ തളർന്നു വീഴുന്നു

മഴ.....മഴ.....മഴ.....മഴ.....



# കുടുക്ക

~വൈഷ്ണവ് പി നായർ

ഒരു ദിവസം ഒരു വിശന്നുവലഞ്ഞ ഒരു അമ്മൂമ്മ പല  വീടുകളിലും പോയി ആഹാരം ചോദിച്ചു . പാക്ഷേ ആരും തന്നെ അവർക്ക് ആഹാരം കൊടുത്തില്ല . സന്ധ്യയാകാറായപ്പോൾ അമ്മൂമ്മ ഒരു കർഷകന്റെ വീട്ടിൽ ചെന്ന് ചേർന്നു . "വിശക്കുന്നു എന്തെങ്കിലും തരണേ "എന്ന് പറഞ്ഞു കർഷകൻ താതനിക് അത്തായത്തിനു വെച്ചിരുന്ന ആഹാരം എടുത്തു അമ്മൂമ്മയ്ക്ക്  കൊടുത്തു . അമ്മൂമ്മ അത് കഴിച്ചു തൃപ്തയായി . അമ്മൂമ്മ തിരിച്ചു പോകുന്നതിനു മുൻപ് കര്ഷകന് ഒരു കുടുക്ക സമ്മാനമായി നൽകി . അതൊരു മന്ത്രിക കുടുക്കയായിരുന്നു .

ആ കുടുക്ക എടുത്തിട്ട് "എട് കുടുക്കെ " എന്ന് പറഞ്ഞു എന്താവിഷപ്പെട്ടാലും അത് കൊടുക്കും ,
ആവശ്യത്തിനുള്ളതാകുമ്പോൾ "മതി കുടുക്കെ " എന്ന് പറയണം . അങ്ങനെ ആ കുടുക്ക കൊണ്ട് കർഷകൻ ധാരാളം ആളുകളെ സഹായിച്ചു . ഒരു ദിവസം അങ്ങനെ ഒരു കച്ചവടക്കാരൻ ആ കർഷകന്റെ കയ്യിൽ നിന്നും ആ കുടുക്ക സ്വർണ്ണനാണയങ്ങൾക്ക് പകരം വാങ്ങിച്ചു .

ആവശ്യപ്പെടിവാനുള്ള മന്ത്രമാത്രമേ ആ കച്ചവടക്കാരൻ കർഷകന്റെ കയ്യിൽ നിന്ന് ലഭിച്ചോള്ളൂ .അങ്ങനെ ആ കച്ചവടക്കാരൻ തന്റെ കപ്പലിൽ തിരിച്ചു പോകുന്ന വഴിയിൽ കപ്പലിൽ വെച്ച് കുടുക്കയോട ഉപ്പു ചോദിച്ചു ആവശ്യത്തിനുള്ളത് ആയപ്പോൾ തീർത്തുവാൻ വേണ്ടി മതി മതി എന്ന് പറഞ്ഞു പക്ഷെ കുടുക്കയിൽ നിന്നു ഉപ്പു വരുന്നത് നിന്നില്ല . അങ്ങനെ ആ കപ്പലും കുടുക്കയും കടലിൽ മുങ്ങിപ്പോയി . ഇപ്പോഴും ആ കുടുക്ക കടലിലിണ്ടത്രേ .അതുകൊണ്ടാണ് കടൽ വെള്ളത്തിനു ഉപ്പു  രുചി.



# കാട്ടുപൂവ്

~ വൃന്ദ ബി നായർ

ചിതറി തെറിക്കുന്ന ചിന്തകളിൽ എപ്പോഴും
നിന്റെ ഈ പുഞ്ചിരി ഒന്നു മാത്രം..
മഴവില്ലു പോലെ നീ മനസ്സിൽ തെളിയുമ്പോൾ
ഉണരുന്നു എന്നിലെ മോഹങ്ങളും..

ചിതറി തെറിക്കുന്ന ചിന്തകളിൽ എപ്പോഴും
നിന്റെ ഈ പുഞ്ചിരി ഒന്നു മാത്രം.
മഴവില്ലു പോലെ നീ മനസ്സിൽ തെളിയുമ്പോൾ
ഉണരുന്നു എന്നിലെ മോഹങ്ങളും..



കൃഷ്ണ തുളസി കതിർത്തുമ്പു മോഹിക്കും
നിന്റെയീ വാർമുടി ചുരുളിലെത്താൻ
പൂജക്കെടുക്കാത്ത പൂവായ ഞാനും
മോഹിച്ചിടുന്നു നിന്നരികിലെത്താൻ..




# ഗുരു മാറ്റിയ കഷ്ടകാലം

~ അമിത എസ്

ഒരിടത്തു ഒരു പാവപെട്ട മനുഷ്യൻ ഉണ്ടായിരുന്നു . അദ്ദേഹത്തിന്റെ കഷ്ടപ്പാടുകൾ അപ്പോൾ മാറുമെന്നറിയാൻ അദ്ദേഹം ഗുരുവിനെ
കാണാൻ പോയി . വഴിമധ്യേ അദ്ദേഹം ഒരു കർഷകനെ കണ്ടുമുട്ടി കർഷകൻ അദ്ദേഹത്തോട് കർഷകൻ ചോദിച്ചു "താങ്കൾ എവിടെ പോവുകയാണ്"" അയാൾ മറുപടി പറഞ്ഞു " ഞാൻ എന്റെ കഷ്ടപ്പാടുകൾ അപ്പോൾ മാറുമെന്നറിയാൻ ഗുരുവിനെ കാണാൻ പോവുകയാണ് " കർഷകൻ അദ്ദേഹത്തോട് പറഞ്ഞു "എന്റെ ദാരിദ്ര്യം അപ്പോൾ മാറുമെന്നുകൂടി ചോദിക്കാമോ ?" അദ്ദേഹം സമ്മതം മൂളി . അദ്ദേഹം യാത്രതുടർന്നു . കുറച്ചു ദൂരം പോയപ്പോൾ മറ്റൊരു വ്യക്തിയെ കണ്ടു ആ വ്യക്തി അദ്ദേഹത്തോട് ചോദിച്ചു "താങ്കൾ എവിടെ പോവുകയാണ്"" അയാൾ മറുപടി പറഞ്ഞു " ഞാൻ എന്റെ കഷ്ടപ്പാടുകൾ അപ്പോൾ മാറുമെന്നറിയാൻ ഗുരുവിനെ കാണാൻ പോവുകയാണ് " വ്യക്തി അദ്ദേഹത്തോട് ചോദിച്ചു " എന്റെ അനുജത്തിയ്ക്ക് കണ്ണ് കാണാൻ സാധിക്കില്ല അവൾക് എങ്ങനെ കാഴ്ച കിട്ടും എന്ന്
ചോദിക്കാമോ ?".അദ്ദേഹം സമ്മതം മൂളി . അങ്ങനെ അവസാനം അദ്ദേഹം ഗുരുവിന്റെ പക്കൽ എത്തി ഗുരു അദ്ദേഹത്തോട് പറഞ്ഞു " നിനക്കു എന്തെങ്കിലും രണ്ട് കാര്യങ്ങൾ ചോദിക്കാം ". അദ്ദേഹം മറ്റു രണ്ടാളുകളുടെ ആവശ്യങ്ങൾ ഗുരുവിനോട് ചോദിച്ചു . ഗുരു അവയ്ക്കു മറുപടിയും കൊടുത്തു . ഈ കഥയിൽ നിന്ന് നാം മനസിലാക്കേണ്ടത് മറ്റുള്ളവരെ നാം സഹായിക്കണം പ്രതിഫലം ഒന്നും പ്രതിഷിക്കാതെ .

# എന്റെ പത്തനംതിട്ട

~ വിഘ്നേശ്' വേണുഗോപാൽ

കേരളത്തിലെ തെക്കൻ ജില്ലകളിലൊന്നാണ് പത്തനംതിട്ട. പത്തനംതിട്ട പട്ടണമാണ് ഈ ജില്ലയുടെ ആസ്ഥാനം. തിരുവല്ല, അടൂർ, പത്തനംതിട്ട, എന്നിവയാണ് പത്തനംതിട്ട ജില്ലയിലെ നഗരസഭകൾ. **1982** നവംബർ മാസം **1-**ആം തീയതി ആണ് പത്തനംതിട്ട ജില്ല രൂപീകൃതമായത്.





2011-ലെ കാനേഷുമാരി കണക്കുകൾ പ്രകാരം പത്തനംതിട്ട ജില്ലയിലെ ജനസംഖ്യ **1,197,412** ആണ്. വയനാടിനും ഇടുക്കിക്കും ശേഷം കേരളത്തിലെ ഏറ്റവും ജനസംഖ്യ കുറഞ്ഞ മൂന്നാമത്തെ ജില്ലയാണിത്. രാജ്യത്തെ ആദ്യ പോളിയോ വിമുക്ത ജില്ലയായി പ്രഖ്യാപിക്കപ്പെട്ട പത്തനംതിട്ട 2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ ഏറ്റവും സാക്ഷരതയുള്ള ജില്ലയാണ്. **2013**-ലെ സെൻസസ് പ്രകാരം **1.17%** മാത്രം ദാരിദ്രമുള്ള പത്തനംതിട്ട ഇന്ത്യയിലെ തന്നെ ഏറ്റവും കുറഞ്ഞ ദാരിദ്ര്യമുള്ള **5** ജില്ലകളിലൊന്നാണ്. സമുദ്രതീരങ്ങളില്ലാത്ത ഈ ജില്ലയിലെ ഏക റെയിൽവേ സ്റ്റേഷൻ തിരുവല്ലയിലിണ്.

# അമ്മ

~ ഗീതക് ജി രാജ്

അകലെ കിനാവിന്റെ ഉമ്മറതിണമേൽ
അരികെവാ എന്നോതി മാടിവിളക്കവേ

അതുകേട്ടൊരടിയും ചലിക്കുവാൻ ആകാതെ
അതിരുകൾക്കപ്പുറം ഞാനും തളന്നുപോയി
അതിരുകൾക്കപ്പുറം ഞാനും തളന്നുപോയി

ഉരുകുന്നു നെഞ്ചിലെ അഗ്നിയിൽ
ഉള്ളിലെ കനവുമെന്നായുരാരോഗ്യവും

ഉള്ളിലെ കനവുമെന്നായുരാരോഗ്യവും



കോറിയ ചിത്രങ്ങളോർത്തു ഞാൻ നിൽക്കവേ
ചാറിയ മിഴി നീരിലർത്താമാരറിയുവാൻ
ചാറിയ മിഴി നീരിലർത്താമാരറിയുവാൻ
അതില്നിന്നിറങ്ങി വന്നെന്നമ്മ പൊന്നമ്മ
അലിവാർന്ന മൊഴികളാൽ കെട്ടിപിടിക്കവേ

അറിയാതെ തേങ്ങില്ലറഞ്ഞുപോയി മരുവിത്തിൻ
അലിയുന്ന കാറ്റിനോടക്കഥ പറയവേ

അറിയാതെ തേങ്ങിക്കരഞ്ഞുപോയിമരുവിത്തിന്
അലിയുന്ന കാറ്റിനോടക്കഥ പറയവേ
അലിയുന്ന കാറ്റിനോടക്കഥ പറയവേ

കാത്തു കാതോട്ടുവിൽ മരിച്ചുപോയി
ഒരുനോക്കു കാണുവാൻ കഴിയാതെ
നോവും മുറിവുമായി
കാണുവാൻ കഴിയാതെ നോവും മുറിവുമായി
അകലെ കിനാവിന്റെ ഉമ്മറതിണമേൽ
അരികെവാ എന്നോതി മാടിവിളക്കവേ

അതുകേട്ടൊരടിയും ചലിക്കുവാൻ ആകാതെ
അതിരുകൾക്കപ്പുറം ഞാനും തളന്നുപോയി
അതിരുകൾക്കപ്പുറം ഞാനും തളന്നുപോയി
അതിരുകൾക്കപ്പുറം ഞാനും തളന്നുപോയി

# നന്ദി